**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1523** **14-03-2022 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ സി ആർ മഹേഷ് | | null<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിന്റെ സ്വപ്ന പദ്ധതിയായ വിഴിഞ്ഞം പദ്ധതി പൂർത്തിയാക്കാൻ 2024 വരെ അദാനി ഗ്രൂപ്പ് സമയം തേടിയിട്ടുണ്ടോ; | (എ) | പദ്ധതി വൈകിയ സാഹചര്യത്തിൽ കരാർ കമ്പനി സമർപ്പിച്ച റിവൈസ്ഡ് ഷെഡ്യൂൾ പ്രകാരം പദ്ധതി കമ്മീഷൻ ചെയ്യാൻ 2024 ഡിസംബർ വരെ സമയം ആവശ്യമാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ ഷെഡ്യൂൾ സർക്കാർ അംഗീകരിച്ചിട്ടില്ല. |
| (ബി) | 2019-ൽ തീർക്കേണ്ട പദ്ധതി ഇപ്പോഴും പൂർത്തിയാകാതെ നീണ്ടുപോകുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; | (ബി) | പദ്ധതിയുടെ നിർണ്ണായക ഘടകമായ 3100 മീറ്റർ നീളമുള്ള പുലിമുട്ടിന്റെ നിർമ്മാണത്തിന് ആവശ്യമായ പാറ ലഭ്യമാക്കാൻ കരാർ കമ്പനിക്ക് കഴിയാത്ത സാഹചര്യത്തിലാണ് പദ്ധതിയുടെ പൂർത്തീകരണം വൈകിയത്. |
| (സി) | അദാനി ഗ്രൂപ്പിന്റെ അഭ്യർത്ഥന പ്രകാരം 2024 വരെ സമയം നീട്ടി നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; | (സി) | പദ്ധതി വൈകിയ സാഹചര്യത്തിൽ കരാർ കമ്പനി സമർപ്പിച്ച റിവൈസ്ഡ് ഷെഡ്യൂൾ പ്രകാരം പദ്ധതി കമ്മീഷൻ ചെയ്യാൻ 2024 ഡിസംബർ വരെ സമയം ആവശ്യമാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ ഷെഡ്യൂൾ സർക്കാർ അംഗീകരിച്ചിട്ടില്ല. |
| (ഡി) | പാറയും കല്ലും ലഭിക്കാനുള്ള പ്രശ്നങ്ങൾ മൂലം പുലിമുട്ട് നിർമ്മാണം വൈകുന്നതിനാലാണ് നിർമ്മാണം വൈകുന്നതെന്ന് അദാനി ഗ്രൂപ്പ് സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | സിൽവർ ലൈൻ പദ്ധതിക്കായി മധ്യകേരളത്തിൽ ആവശ്യത്തിന് പാറയും കല്ലും ലഭ്യമാണ് എന്ന് അവകാശപ്പെടുന്ന സർക്കാർ വിഴിഞ്ഞം കരാറിനായി പാറയും കല്ലും ലഭ്യമാക്കാൻ മുൻകൈ എടുക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | പാറ കൊണ്ടുവരേണ്ടത് നിർമ്മാണ കമ്പനിയുടെ ചുമതലയാണ്. ഇക്കാര്യത്തിൽ ആവശ്യമായ സഹായം സർക്കാർ നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ